വിദേശ നിർമ്മിത വിദേശ മദ്യം (യഥാർത്ഥ വിദേശ യാത്രക്കാർക്ക്)	4.5 ലിറ്റർ
കൊക്കോ ബ്രാണ്ടി	1.5 ലിറ്റർ
കള്ള്	2.5 ലിറ്റർ

(സി) സെക്കൻഡ്സ് വിദേശ മദ്യത്തിന്റെ ഒഴുക്ക് കുറയ്ക്കുന്നതിനും മദ്യം ഉപയോഗിക്കുന്നവർക്ക് സർക്കാർ ഏജൻസി വഴി നടത്തുന്ന വിദേശ മദ്യ ഷാപ്പുകളിൽ നിന്നും വ്യാജമല്ലാത്ത മദ്യം വാങ്ങി ഉപയോഗിക്കുന്നതിനുള്ള അവസരം നല്കുന്നതിനും വേണ്ടിയാണ് അളവ് വർദ്ധിപ്പിച്ചത്.

(ഡി)	കൊക്കോ ബ്രാണ്ടി	1.5 ലിറ്റർ
	ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം	4.5 ലിറ്റർ
	ബിയർ	4.5 ലിറ്റർ
	വൈൻ	4.5 ലിറ്റർ
	വിദേശ നിർമ്മിത വിദേശ മദ്യം (യഥാർത്ഥ യാത്രക്കാർക്ക് മാത്രം)	4.5 ലിറ്റർ
	കള്ള്	2.5 ലിറ്റർ

സംസ്ഥാനത്തെ കള്ള് ഉല്പാദനവും വില്പനയും

57 [340] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം എത്ര കള്ളാണ് തെങ്ങിൽ നിന്നും കിട്ടുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് എത്ര കള്ളുഷാപ്പുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഓരോ ഷാപ്പിലേയും ശരാശരി കള്ളു വില്പന എത്ര ലിറ്ററാണെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രതിദിനം സംസ്ഥാനത്ത് വിവിധ ഷാപ്പു കളിലൂടെ വില്ക്കുന്നത് എത്ര കള്ളാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് കൃത്രിമ കള്ള് നിർമ്മാണം നടത്തിയതിന് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൃത്രിമ കള്ളിൽ ഏതൊക്കെ രാസപദാർത്ഥങ്ങളാണ് അടങ്ങിയിട്ടുള്ള തെന്ന് രാസപരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എഫ്) കള്ളുൽപ്പാദനത്തിന് ആനുപാതികമായി മാത്രം ഷാപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തെങ്ങിൽ നിന്നും പ്രതിദിനം 4,75,787 ലിറ്റർ കള്ള് കിട്ടുന്നതായി പ്രതീക്ഷിക്കുന്നു.

(ബി) സംസ്ഥാനത്ത് ഈ സാമ്പത്തിക വർഷം അനുവദിച്ച ഷാപ്പുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

തിരുവനന്തപുരം	-	116
കൊല്ലം	-	238
പത്തനംതിട്ട	-	117
ആലപ്പുഴ	-	438
കോട്ടയം	-	452
ഇടുക്കി	-	163
എറണാകുളം	-	641
തൃശ്ശൂർ	-	710
പാലക്കാട്	-	611
മലപ്പുറം	-	206
കോഴിക്കോട്	-	180
വയനാട്	-	50
കണ്ണൂർ	-	309
കാസർഗോഡ്	-	131
ആകെ	-	**4362**

(സി) സംസ്ഥാനത്ത് പ്രതിദിനം തെങ്ങ്, പന, ചൂണ്ടപ്പന എന്നീ വൃക്ഷങ്ങളിൽ നിന്നും 6,07,412 ലിറ്റർ കള്ള് ചെത്തി വിൽക്കുന്നതായി അനുമാനിക്കുന്നു.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ 99 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) രാസപരിശോധന നടത്തിയതിൽ കൃത്രിമ കള്ളിൽ വീര്യം കൂടിയ ഈഥൈൽ ആൽക്കഹോൾ, ഡയസപാം, ക്ലോറൽ ഹൈഡ്രേറ്റ് എന്നിവ അടങ്ങിയിട്ടുള്ളതായി തെളിഞ്ഞിട്ടുണ്ട്;

(എഫ്) നിലവിലുള്ള ലൈസൻസ് സമ്പ്രദായത്തിൽ ഇത് പ്രായോഗികമല്ല.

LIBRARY ARCHIVES Kerala Legislative Assembly